ലൈവ് സ്റ്റോക്ക് അസിസ്റ്റൻറുമാർക്കുള്ള പഠന കാലം

* 86 [128] ശ്രീ. ഒ. ഭരതൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, വർക്കല രാധാകൃഷ്ണൻ:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവും ചികിൽസയും നടത്തുന്നതിനുള്ള ഡിഗ്രി നിലവാരത്തിലുള്ള പഠനത്തിനു പുറമേ മറെറന്തെങ്കിലും പഠന കോഴ്സുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ലൈവ്സ്റ്റോക്ക് അസിസ്റ്റൻറുമാർക്കുള്ള പഠനം (അവ നൂരിലെ കാർഷിക ശാസ്ത്ര ഡിപ്ലോമ പോലെ) കാർഷിക സർവകലാശാ ലയുടെ കീഴിൽ ഒരു ഡിപ്ലോമ നിലവാരത്തിലുള്ള പഠന സൗകര്യമാക്കി വികസിപ്പിക്കുവാൻ നടപടിസ്വീകരിക്കുമോ?

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഇല്ല.

(ബി) ഇതിന്റെ ആവശ്യമില്ല.

മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നില്ലെന്ന പരാതി

* 87 [129] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:

,, വി. ജെ. തങ്കപ്പൻ:

,, പി. സി. തോമസ് (കടുത്തുരുത്തി):

ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗം നിർണ്ണയിക്കുന്നതിനും ബ്ലഡ് പരിശോധിക്കുന്നതിനും മറ്റുമുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർതന്നെ നടത്തുന്ന സ്വകാര്യ ലാബറട്ടറികളിൽ പരിശോധന നടത്തുന്നതിന് ചീട്ടും കൊടുത്തയക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly